# മണ്ണ് നോവാതെ അന്നം വിളയിച്ച്

പ്രസാദ്. ഐ. ആർ

പാഠപുസ്തകത്തിൽ നിന്ന കിട്ടിയ കിനാവല്ല സെബാസ്റ്റ്യന് ജൈവ കൃഷി. പാരമ്പര്യ കൃഷിയെക്കുറിച്ചുള്ള അജ്ഞതയും അലസതയും സാഹചര്യങ്ങളും, പത്തു വർഷം മുമ്പ് അദ്ദേഹത്തെ ഒരു ജൈവ കർഷകനാക്കിത്തീർക്കുകയായിരുന്നു.

'കൃഷി മുടിപ്പിച്ചേക്കല്ലേ' എന്ന അപേക്ഷയുമാണ് അപ്പൻ മകനെ കൃഷി ഏല്പിച്ചത്. മുടിഞ്ഞു പോകമോ എന്ന ഭീതി മകനുമുണ്ടായിരുന്നു. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലെ നെൽകൃഷി വളരെ ശ്രമകരം തന്നെയാണല്ലോ? വറ്റാത്ത വെള്ളവും നീങ്ങുന്ന കളകളും കീടങ്ങളുമായുള്ള മൽപ്പിടുത്തമാണ് കുട്ടനാട്ടിലെ കർഷകന് നെൽകൃഷി.

വെള്ളം കയറുമ്പോൾ കണ്ടത്തിൽ സമൃദ്ധമായി വളരുകയും വെള്ളമിറങ്ങി കഴിഞ്ഞാൽ ചീഞ്ഞു പോകുകയും ചെയ്യുന്ന ഒരു കളയാണ് മുള്ളം പായൽ. ജേക്കബ് കൃഷി ഏൽക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ടത്തിൽ ഇത് സമൃദ്ധമായിരുന്നു. അതു പറിച്ചു നീക്കാനോ ഉഴുതു മറിക്കാനോ ആ വർഷം സാധിച്ചില്ല. മുള്ളൻ പായലിനുമേൽ വെറുതെ വിത്തുവിതച്ചു. ആ വർഷം ആ പ്രദേശത്തെ കൃഷി മുഴുവനും വെള്ളം കയറി നശിച്ചു. എല്ലാവർക്കും നഷ്ടം. ജേക്കബിന് മാത്രം നഷ്ടം ശൂന്യം. പിന്നേയും ജേക്കബ് ആ രീതിതന്നെ അവലംബിച്ചു. അതൊരു പരീക്ഷണം പോലുമായിരുന്നില്ല. ഉഴാത്ത കൃഷിയെക്കുറിച്ച് ഒരറിവും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

വരും കൊല്ലങ്ങളിലെങ്കിലും ഉഴുതു കൃഷിചെയ്യണമെന്ന മോഹം മനസ്സിൽ കൊണ്ടു നടക്കുമ്പോഴാണ്, ആലപ്പുഴയിൽ ഒരു കാർഷിക പ്രദർശനത്തിനിടയിൽ അദ്ദേഹം ജൈവകർഷകനായ കെ.വി. ദയാലുമായി പരിചയപ്പെടുന്നത്. ജൈവ കൃഷിയെക്കുറിച്ചും ഫുക്കുവോക്കയെകുറിച്ചും കേട്ടിട്ടുപോലുമില്ലാത്ത ഒരു മനുഷ്യൻ ഉഴാതെ കൃഷിചെയ്യുന്നു എന്ന അറിവ് ദയാലിന് ഒരത്ഭുതം തന്നെയായിരുന്നു.

ജൈവ കൃഷിയെക്കുറിച്ചുള്ള സൈദ്ധാന്തിക വശങ്ങൾ ജേക്കബ് പഠിക്കാൻ തുടങ്ങി. ഫുക്കുവോക്ക മുതൽ മന:ശാസ്ത്രം വരെയുള്ള പുസ്തകങ്ങൾ ദയാൽ അദ്ദേഹത്തിനു നൽകി. ആത്മവിശ്വാസം പകരാൻ പത്രങ്ങളിലും മറ്റും ജേക്കബ്ബിനെക്കുറിച്ച് ദയാൽ പ്രചരണം നടത്തി. അതിനിടെ മുള്ളൻ പായൽ ജേക്കബ്ബിന്റെ കണ്ടത്തിൽനിന്ന് പാടേ അപ്രത്യക്ഷമായി. മണ്ണിന്റെ ഘടനയും കാലാവസ്ഥയും മാറുന്നതനുസരിച്ച് കളകളും മാറിക്കൊണ്ടിരിക്കുമെന്നദ്ദേഹം പുസ്തകങ്ങളിൽ നിന്നു മനസ്സിലാക്കി.

കൊയ്ത്തുകഴിഞ്ഞ് കാലവർഷം തുടങ്ങും മുമ്പേ ശത്രുകളകൾ പറിച്ചു നീക്കണം. മിത്രകളകൾ വെള്ളത്തിൽ വളരും. വെള്ളം വാർന്നു കഴിഞ്ഞാൽ അഴുകാൻ തുടങ്ങും. അതോടെ ജേക്കബിന് യാതൊരു പണിയുമില്ല.

പ്രകൃതിജീവനക്കാരുടെ അഭ്യർത്ഥനമാനിച്ചാണ് ജേക്കബ് രാസവളം പാടെ ഉപേക്ഷിച്ചത്. തവിട്ടു കളയാതെ അരി നല്ല വിലക്ക് അവർ വാങ്ങും. പരിഹാസങ്ങളും അവഗണനയും കൊണ്ട് വീർപ്പുമുട്ടിയിരുന്ന ആ കർഷകന് ഇതൊരു വലിയ താങ്ങായിത്തീർന്നു. സാമ്പത്തികമായും ലാഭമുണ്ടായി.

ജേക്കബ് ഉല്പാദിപ്പിക്കുന്ന അരിക്ക് അന്നം എന്നാണ് പേര്. അന്നം എന്നാൽ സമ്പൂർണ്ണ ആഹാരം. രാസമാലിന്യങ്ങളില്ലാതെ അരി സമ്പൂർണ്ണാഹാരം തന്നെ.

ജൈവകൃഷിയിൽ പരീക്ഷണങ്ങൾ അവസാനിക്കുന്നേയില്ല. വെള്ളക്കെട്ടുള്ള പ്രദേശത്തെ ജൈവകൃഷിയെ കുറിച്ച് പുസ്തകങ്ങളിൽ നിന്നും കാര്യമായ അറിവ് കിട്ടുകയില്ല. മനംമടുക്കാതെ മണ്ണിൽ പരീക്ഷണം തുടരുകയാണദ്ദേഹം. കുട്ടനാട്ടിലെ കൃഷി പൂർണ്ണമായും വിഷലിപ്തമാകുമ്പോഴാണ് ജേക്കബിന്റെ ഒറ്റപ്പെട്ട ചെറുത്തുനില്പ് ശ്രദ്ധേയമാകുന്നത്.